# തിരുവിതാംകൂർ ദേവസ്വം ബോർഡ്

## ദർഘാസ് പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരുവാഭരണം കമ്മീഷണർ ആഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽപ്പെട്ട ശബരിമല ഗ്രൂപ്പിൽപ്പെട്ട ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ പാത്രങ്ങൾ സപ്ലൈ ചെയ്യുന്നതിന് അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 14.12.2018. ക്വട്ടേഷൻ (ടെൻഡർ) സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും ആഫീസ് സമയത്ത് ഈ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

| ക്രമ നംമ്പർ | R.O.C നമ്പരും തീയതിയും | ജോലി വിവരം | അടങ്കൽ തുക | നിരത ദ്രവ്യം |
|---|---|---|---|---|
| 1. | 13074/18/M 29.11.2018 | ശബരിമല ഗ്രൂപ്പിൽപ്പെട്ട ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് പാത്രങ്ങൾ സപ്ലൈ ചെയ്യുന്നത് സംബന്ധിച്ച്. | Rs.17,93,140/- | Rs.90,000 /- |

ദർഘാസിനോടൊപ്പം നിരത ദ്രവ്യം തിരുവാഭരണം കമ്മീഷണറുടെ പേരിൽ ധനലക്ഷ്മി ബാങ്കിന്റെ പത്തനംതിട്ട ബ്രാഞ്ചിൽ മാറ്റത്തക്ക വിധമുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതാണ്. നിരത ദ്രവ്യം ഹാജരാക്കാതെ സമർപ്പിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. അതാതു സ്ഥാപനങ്ങളുടെ ലെറ്റർ ഹെഡ്ഡിൽ ഹാജരാക്കേണ്ടതും ക്വട്ടേഷൻ ഹാജരാക്കുന്ന സ്ഥാപന ഉടമയുടെ തിരിച്ചറിയൽ രേഖ കൂടി കൊണ്ടു വരേണ്ടതാണ്. ദർഘാസുകൾ 14.12.2018 പകൽ 1 മണി വരെ തിരുവാഭരണം കമ്മീഷണറുടെ ആറൻമുളയിലുള്ള കാര്യാലയത്തിൽ സ്വീകരിക്കുന്നതും അന്നേ ദിവസം പകൽ 2 P.M ന് സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിച്ചു പരിശോധിക്കുന്നതും, ഏറ്റവും കുറവു തുക കോട്ടു ചെയ്തിട്ടുള്ള ആളുടെ പേർക്ക് കരാർ ഉറപ്പിക്കുന്നതിനു വേണ്ടി ദേവസ്വം ബോർഡ് ആഫീസിലേക്ക് ശുപാർശ അയക്കുന്നതുമാണ്. ദേവസ്വം ബോർഡിൽ നിന്നും കരാർ അനുവദിക്കുന്ന മുറയ്ക്ക് കരാറുകാരന് നോട്ടീസ് നൽകുന്നതും ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ ആഫീസിൽ ഹാജരായി എഗ്രിമെന്റ് വെച്ച് തിരുവാഭരണം കമ്മീഷണറുടെ മേൽനോട്ടത്തിൽ കാലതാമസം വരുത്താതെ ടി ജോലികൾ ചെയ്ത് തീർക്കേണ്ടതുമാണ്. ദർഘാസുകൾ സ്വീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരാകരിക്കുന്നതിനും ഇതു സംബന്ധിച്ചുള്ള അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമുള്ള പരിപൂർണ്ണ അധികാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഈ കരാറിന് എന്തെങ്കിലും വിധത്തിലുള്ള നികുതികൾ സർക്കാരിലേക്ക് അടയ്ക്കേണ്ടി വന്നാൽ കരാറുകാരൻ ആയത് അടയ്ക്കേണ്ടതാണ്, ആയതിന് ദേവസ്വം ബോർഡ് ഉത്തരവാദിയല്ല. ഡിപ്പാർട്ട്മെന്റിന്റെ ഇതു സംബന്ധിച്ചുള്ള എല്ലാ വിധ കരാർ വ്യവസ്ഥകളും ഇതിനും ബാധകമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ നിന്നോ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നോ എല്ലാ പ്രവർത്തി ദിവസങ്ങളിലും അറിയാവുന്നതാണ്. കൂടാതെ www.travancore devaswom board.org വെബ് സൈറ്റിൽ നിന്നോ അറിയാവുന്നതാണ്. നമ്പറുകൾ ചുവടെ ചേർക്കുന്നു.

നമ്പറുകൾ ചുവടെ ചേർക്കുന്നു.

തിരുവാഭരണം കമ്മീഷണർ ആഫീസ്, ആറൻമുള - 0468 2211207.
എക്സിക്യൂട്ടീവ് ആഫീസ്, ശബരിമല - 04735 202026.

ആറൻമുള
06.12.2018.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി
(ഒപ്പ്)

**K.S Baijoo**
തിരുവാഭരണം കമ്മീഷണർ